മലങ്കര ഓർത്തഡോക്സ് സഭ  അമേരിക്കൻ ഭദ്രാസനത്തിലെ ക്വീൻസ്, ലോംഗ്ഐലൻഡ്, ബ്രൂക്‌ലിൻ മേഖല യിലെ  വെക്കേഷൻ ബൈബിൾ സ്കൂൾ, അധ്യാപക സമ്മേളനം, ഫണ്ട് റെയ്സിംഗ്

ജോർജ് തുമ്പയിൽ

ന്യൂയോർക്ക്: ബ്രൂക്‌ലിൻ , ക്വീൻസ്, ലോംഗ് ഐലൻഡ് മേഖലയിലെ പത്ത് മലങ്കര ഓർത്തഡോക്സ് ഇട വകകൾ സംയുക്തമായി  ജൂലൈ 6,7,8 (ബുധൻ, വ്യാഴം, വെള്ളി) തീയതികളിൽ ഓർത്തഡോക്സ് വെക്കേ ഷൻ ബൈബിൾ സ്കൂൾ നടത്തുന്നു. ന്യൂയോർക്ക് ക്വീൻസ് വില്ലേജിലെ (92-96  220th Street) ഔവർ ലേഡി ഓഫ് ലൂർദസ് കാത്തലിക് ചർച്ച് സ്കൂളിൽ നടക്കുന്ന  ഒ വി ബി എസ് ന്  ഫാ. അജു മാത്യൂസ്, ഫാ. ജോയിസ് പാപ്പൻ, ഡീക്കൻ കുര്യാക്കോസ് (അലക്സ്) ഏബ്രഹാം എന്നിവർ നേതൃത്വം നൽകും. വെള്ളി യാഴ്ച രാവിലെ വി. കുർബാനയ്ക്ക് ശേഷം പള്ളി അങ്കണത്തിൽ ഒ വി ബി എസ് റാലി ഉണ്ടായിരിക്കും. 250 ലേറെ കുട്ടികളും 60 വോളന്റിയർമാരും പങ്കെടുക്കും.
ഏപ്രിൽ 30ന് രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ ന്യൂഹൈഡ്പാർക്ക് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ (175 Cherry Lane) പ്രാദേശികതല അധ്യാപക മീറ്റിംഗും ഒ വി ബി എസ് ട്രെയി നിംഗ് ക്യാംപും നടക്കും. മികവുറ്റ സൺഡേസ്കൂൾ അധ്യാപനത്തെ കുറിച്ച് പെൻസിൽവേനിയ ലീഹൈവാലി യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. സാക് സഖറിയ ക്ലാസ് എടുക്കും. തുടർന്ന് മുൻ ഭദ്രാസന സെൻട്ര ലൈസ്ഡ് എക്സാമിനേഷൻ കോഓർഡിനേറ്റർ ജോർജ് എം ഗീവർഗീസ് നയിക്കുന്ന ടീച്ചേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കേഷൻ ക്ലാസും  ഉച്ച തിരിഞ്ഞ് ഒ വി ബി എസ്  ആലോചനായോഗവും ഉണ്ടായിരിക്കും. റിട്ടയേഡ് ന്യൂയോർക്ക് സിറ്റി  പോലിസ് ഓഫിസർ റിനി രാജൻ സുരക്ഷസംബന്ധിച്ച പ്രശ്നങ്ങളെകുറിച്ച് ക്ലാസെടു ക്കും. തുടർന്ന് ഇക്കൊല്ലത്തെ വി ബി എസിനെ കുറിച്ച് വിവരണം ഉണ്ടായിരിക്കും. പ്രദേശത്തെ പത്ത് പള്ളി കളിലെയും സീനിയേഴ്സും ജൂണിയേഴ്സും അടങ്ങുന്ന സംഗീതട്രൂപ്പ് രാജി കുര്യന്റെ നേതൃത്വത്തിൽ പ്രാക്ടീസിന് തുടക്കം കുറിക്കും.
വികാരിമാരുടെയും സൺഡേസ്കൂൾ ഏരിയാ കോഓർഡിനേറ്റർ മിനി ജോർജിന്റെയും നേതൃത്വത്തിൽ പ്രിൻസിപ്പൽമാരും ഒരുകൂട്ടം ആത്മാർഥതയുള്ള അധ്യാപകരും  ഈ പ്രവർത്തനങ്ങളുടെ വിജയത്തിനായി കഠിനാധ്വാനം ചെയ്യുന്നു. പ്രവർത്തനങ്ങൾക്ക് ആവശ്യമായ പണം കണ്ടെത്താൻ നടത്തുന്ന ഫണ്ട് റെയ്സിംഗ് റാഫിൾ, ഔർ ലേഡി ഓഫ് ലൂർദസ് ചർച്ചസ് സ്കൂളിൽ ജാക്സൺ ഹൈറ്റ്സ് സെൻറ് മേരീസ് ഓർത്ത ഡോക്സ് പള്ളി വികാരി ഫാ. ജോൺ തോമസ്, ലെവിടൗൺ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകാംഗം വിനോദ് ഏബ്രഹാ ( സിഐഎസ് എ സി പി എ) മിന് ആദ്യ ടിക്കറ്റ് നൽകി  ഉദ്ഘാടനം   ചെയ്തു. ഒരു ടിക്കറ്റിന് പത്ത് ഡോളറാണ് വില.
പ്രദേശത്തെ എല്ലാ സൺഡേ സ്കൂൾ അധ്യാപകരും  ഒ വി ബി എസ്  വോളന്റിയേഴ്സും ഏപ്രിൽ 30 ലെ സമ്മേളനത്തിൽ പങ്കെടുത്ത് സമ്മേളനത്തെ വിജയിപ്പിക്കണമെന്നും മെയ് മാസത്തിൽ ആരംഭിക്കുന്ന ഒ വി ബി എസ്  രജിസ്ട്രേഷനിൽ അവരവരുടെ സൺഡേ സ്കൂളുകൾ വഴി മാതാപിതാക്കൾ നേരത്തേ തന്നെ കുട്ടികളുടെ പേരുകൾ രജിസ്റ്റർ ചെയ്ത് ലേറ്റ് ഫീയിൽ നിന്നൊഴിവാകണമെന്നും ബന്ധപ്പെട്ട ഭാരവാഹികൾ അറിയിച്ചു.
വിവരങ്ങൾക്ക്: മിനി ജോർജ്-ഏരിയാ II സൺഡേ സ്കൂൾ കോഓർഡിനേറ്റർ 718-347-4857.